DESPATCHED
On. 12/9/22


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP No. 1601(3)/2020 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.10985/*എസ്.ഐ.സി–ജി 1/2020*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 02.09.2022

ശ്രീ.കീഴാലഞ്ചേരി രത്നാകരൻ,
ഭാരത ക്ഷേത്ര ഭൂമി സംരക്ഷണ വേദി ചാരിറ്റബിൾ ട്രസ്റ്റ്,
തുണ്ടിയിൽ ബിൽഡിംഗ്,
റൂം നം. 5/1202, കിഴക്കേ നടക്കാവ്,
കോഴിക്കോട് – 673 006.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
സർവ്വെയും ഭൂരേഖയും വകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം –14.
2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി ഡയറക്ടർ,
സർവ്വെയും ഭൂരേഖയും വകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം –14

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22/06/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/08/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/09/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17/10/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22/10/2020 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കിഴക്കേ നടക്കാവ്, തുണ്ടിയിൽ കോംപ്ലക്സിൽ റൂം. നം. 5/1202 ൽ ശ്രീ. കീഴാലഞ്ചേരി രത്നാകരൻ ഒന്നാം എതിർകക്ഷിക്ക് നൽകിയ അപേക്ഷയിൽ ഫോറസ്റ്റ് വിജിലൻസ് വകുപ്പിൽ നിന്നും എതിർകക്ഷി ഓഫീസിൽ ലഭിച്ചെന്ന് പറയുന്ന ഏതാനും ഫയലുകളെ സംബന്ധിക്കുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ടി അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ശ്രീ. കീഴാലഞ്ചേരി രത്നാകരൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 31.08.2022 ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2. ശ്രീ. രത്നാകരന്റെ അപേക്ഷയിലെ അന്വേഷണങ്ങൾ വനംവകുപ്പുമായി ബന്ധപ്പെട്ടതാണ് എന്ന് എസ്.പി.ഐ.ഒ മനസ്സിലാക്കിയതായി അപ്പീൽ അധികാരി പറയുന്നു. അതേസമയം മറ്റൊരു അധികാരിയുടെ പക്കലുള്ളതും മറ്റൊരു പൊതു അധികാര സ്ഥാപനത്തിന്റെ പരിധിയിലുള്ളതുമായ വിവരമാണ് അന്വേഷിക്കുന്നതെങ്കിൽ അത് ആക്റ്റിലെ സെക്ഷൻ 6(3) പ്രകാരം ബന്ധപ്പെട്ട വകുപ്പിന് അല്ലെങ്കിൽ പൊതു അധികാരിയ്ക്ക് അയച്ച് കൊടുക്കണമെന്ന അടിസ്ഥാന തത്വം പാലിക്കപ്പെട്ടതായി കാണുന്നില്ല. ഇത് ഒന്നുകിൽ ആർ.ടി.ഐ ആക്റ്റിനെ കുറിച്ച് എസ്.പി.ഐ.ഒ യുടെ അറിവില്ലായ്മയാണ്. അല്ലെങ്കിൽ ഇത്തരം വിഷയം കൈകാര്യം ചെയ്യുന്നതിന്റെ ലാഘവ സമീപനമാണ് കാണിക്കുന്നത്. ഇത് തീർച്ചയായും കുറ്റകരമാണ്. ഇത്തരം പെരുമാറ്റങ്ങൾ കമ്മീഷൻ വളരെ ഗൗരവമായി കാണുന്നു. ഇക്കാര്യത്തിൽ കർശനമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത്തരം നടപടികളുമായി മുന്നോട്ട് പോകാതിരിക്കാൻ തക്കതായ കാരണമുണ്ടെങ്കിൽ ആയത് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യിൽ നിന്ന് രേഖാമൂലം ശേഖരിച്ച് 14 ദിവസത്തിനകം ഈ കമ്മീഷൻ മുമ്പാകെ സമർപ്പിക്കാൻ അപ്പീൽ അധികാരിയോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

RIGHT TO INFORMATION

3. വിവരാവകാശ നിയമം കൈകാര്യം ചെയ്യുന്നതിൽ അടിസ്ഥാന അറിവും യോഗ്യതയും ഉള്ള ഉദ്യോഗസ്ഥരെ വേണം ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി ആയി ചുമതലപ്പെടുത്തുവാൻ. നിലവിലുള്ള ജീവനക്കാർക്ക് ആക്റ്റ് സംബന്ധിച്ച് ആവശ്യമായ പരിജ്ഞാനം ഇല്ലെങ്കിൽ അവർക്ക് വിവരാവകാശ നിയമം 2005 നടപ്പിലാക്കുന്നതിന്റെ പ്രായോഗിക വശം സംബന്ധിച്ച പരിശീലനം നൽകുന്നതിന് ഡയറക്ടർ ഓഫ് സർവ്വെ ആന്റ് ലാന്റ് റെക്കോർഡ്സ് നടപടി സ്വീകരിക്കണം. അത്തരം പരിശീലനം സംഘടിപ്പിക്കുന്നതിന് സംസ്ഥാന വിവരാവകാശ കമ്മീഷനുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 02-ാം തീയതി) ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

vkm